സൂറഃ-7

# അൽ അഅ്റാഫ്

150. مُوسَىٰٓ ... وَلَمَّا رَجَعَ مُوسَىٰٓ إِلَىٰ قَوْمِهِۦ غَضْبَٰنَ أَسِفًا قَالَ بِئْسَمَا خَلَفْتُمُونِى مِنۢ
بَعْدِىٓ ۖ أَعَجِلْتُمْ أَمْرَ رَبِّكُمْ ۖ وَأَلْقَى ٱلْأَلْوَاحَ وَأَخَذَ بِرَأْسِ أَخِيهِ يَجُرُّهُۥٓ
إِلَيْهِ ۚ قَالَ ٱبْنَ أُمَّ إِنَّ ٱلْقَوْمَ ٱسْتَضْعَفُونِى وَكَادُوا۟ يَقْتُلُونَنِى فَلَا تُشْمِتْ
بِىَ ٱلْأَعْدَآءَ وَلَا تَجْعَلْنِى مَعَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿١٥٠﴾

قَالَ رَبِّ ٱغْفِرْ لِى وَلِأَخِى وَأَدْخِلْنَا فِى رَحْمَتِكَ ۖ وَأَنتَ أَرْحَمُ
ٱلرَّٰحِمِينَ ﴿١٥١﴾

إِنَّ ٱلَّذِينَ ٱتَّخَذُوا۟ ٱلْعِجْلَ سَيَنَالُهُمْ غَضَبٌ مِّن رَّبِّهِمْ وَذِلَّةٌ فِى ٱلْحَيَوٰةِ
ٱلدُّنْيَا ۚ وَكَذَٰلِكَ نَجْزِى ٱلْمُفْتَرِينَ ﴿١٥٢﴾

وَٱلَّذِينَ عَمِلُوا۟ ٱلسَّيِّـَٔاتِ ثُمَّ تَابُوا۟ مِنۢ بَعْدِهَا وَءَامَنُوٓا۟ إِنَّ
رَبَّكَ مِنۢ بَعْدِهَا لَغَفُورٌ رَّحِيمٌ ﴿١٥٣﴾

**150.** മൂസാ സ്വജനത്തിലേക്ക് തിരിച്ചുവന്നപ്പോൾ കുപിതനും ദുഃഖിതനുമായിക്കൊണ്ട് ചോദിച്ചു: എന്റെ പിറകിൽ, എന്റെ പ്രാതിനിധ്യം നിങ്ങൾ എന്തുമാത്രം ദുഷിപ്പിച്ചുകളഞ്ഞു. നാഥന്റെ കൽപനയെ കവച്ചുകടക്കുകയായിരുന്നുവോ നിങ്ങൾ?! അദ്ദേഹം ഫലകങ്ങൾ നിലത്തെറിഞ്ഞ് സ്വസഹോദരന്റെ തലമുടി പിടിച്ചുവലിച്ചു. സഹോദരൻ പറഞ്ഞു: എന്റെ ഏകോദര സഹോദരാ, ഈ ജനം എന്നെ ഒതുക്കിക്കളഞ്ഞു. അവരെന്നെ വധിക്കാൻ വരെ തുനിഞ്ഞിരുന്നു. ആകയാൽ എന്നെക്കൊണ്ട് നീ ശത്രുക്കൾക്ക് ചിരിക്കാൻ അവസരം സൃഷ്ടിക്കരുതേ! ധർമധിക്കാരികളായ ഈ ജനത്തിന്റെ കൂട്ടത്തിൽ നീ എന്നെ കണക്കാക്കരുതേ!

**151.** മൂസാ പ്രാർഥിച്ചു: നാഥാ, എനിക്കും എന്റെ സഹോദരന്നും പൊറുത്തുതരേണമേ, നിന്റെ കാരുണ്യത്തിൽ ഞങ്ങൾക്ക് ഇടം നൽകേണമേ. നീ പരമകാരുണികനാണല്ലോ.

**152.** കാളക്കിടാവിനെ ആരാധനാമൂർത്തിയായി വരിച്ചവരെ തീർച്ചയായും അവരുടെ നാഥങ്കൽനിന്നുള്ള കോപം ബാധിക്കുന്നതാകുന്നു. ഐഹിക ജീവിതത്തിൽ നിന്ദ്യതയും ബാധിക്കും. അങ്ങനെയാണ്, കള്ളം കെട്ടിച്ചമക്കുന്നവർക്ക് നാം കർമഫലം നൽകുന്നത്.

**153.** എന്നാൽ തിന്മകൾ പ്രവർത്തിക്കുകയും അതിനുശേഷം പശ്ചാത്തപിച്ചു മടങ്ങുകയും സത്യവിശ്വാസം കൈക്കൊള്ളുകയും ചെയ്തവരുണ്ടല്ലോ, അവരുടെ പശ്ചാത്താപത്തിനും സത്യവിശ്വാസത്തിനും ശേഷം തീർച്ചയായും നിന്റെ നാഥൻ ഏറെ പൊറുത്തുകൊടുക്കുന്ന കരുണാവാരിധിയാകുന്നു.

وَلَمَّا رَجَعَ مُوسَىٰٓ = മൂസാ തിരിച്ചുവന്നപ്പോൾ  إِلَىٰ قَوْمِهِۦ = സ്വജനത്തിലേക്ക്  غَضْبَٰنَ = കുപിതനായിക്കൊണ്ട്

أَسِفًا = ദുഃഖിതനായിക്കൊണ്ടും  قَالَ = പറഞ്ഞു (ചോദിച്ചു)  بِئْسَمَا = എന്തു മാത്രം ദുഷിച്ചത് (ദുഷിപ്പിച്ചുകളഞ്ഞു)

خَلَفْتُمُونِى = നിങ്ങൾ എന്നെ പ്രതിനിധീകരിച്ചത് (എന്റെ പ്രാതിനിധ്യം)  مِنۢ بَعْدِىٓ = എനിക്ക് പിറകിൽ

أَعَجِلْتُمْ = നിങ്ങൾ ധൃതിപ്പെട്ടുവോ (കവച്ചു കടക്കുകയായിരുന്നുവോ)  أَمْرَ رَبِّكُمْ = നിങ്ങളുടെ നാഥന്റെ കൽപനയെ

وَأَلْقَى = അദ്ദേഹം (നിലത്ത്) എറിഞ്ഞു  ٱلْأَلْوَاحَ = ഫലകങ്ങളെ  وَأَخَذَ = പിടിച്ചു  بِرَأْسِ = ശിരസ്സ് (തലമുടി)

أَخِيهِ = സ്വസഹോദരന്റെ  يَجُرُّهُۥٓ إِلَيْهِ = അദ്ദേഹത്തെ തന്നിലേക്ക് വലിക്കുന്നു (വലിച്ചു)  قَالَ = അവൻ (സഹോദരൻ) പറഞ്ഞു

ٱبْنَ أُمَّ = എന്റെ മാതാവിന്റെ മകനേ (ഏകോദര സഹോദരാ)

إِنَّ ٱلْقَوْمَ ٱسْتَضْعَفُونِى = ഈ ജനം എന്നെ ദുർബലനാക്കി (ഒതുക്കിക്കളഞ്ഞു)

അവർ എന്നെ വധിക്കുമായിരുന്നു (വധിക്കാൻ വരെ തുനിഞ്ഞിരുന്നു)=وَكَادُوا۟ يَقْتُلُونَنِى

എന്നെക്കൊണ്ട് = بِىَ ആകയാൽ നീ സന്തോഷിപ്പിക്കരുത് (ചിരിക്കാൻ അവസരം സൃഷ്ടിക്കരുതേ)=فَلَا تُشْمِتْ

നീ എന്നെ ആക്കരുത് (കണക്കാക്കരുതേ)=وَلَا تَجْعَلْنِى ശത്രുക്കൾക്ക്=ٱلْأَعْدَآءَ

അദ്ദേഹം പറഞ്ഞു (മൂസാ പ്രാർഥിച്ചു)=قَالَ ധർമധിക്കാരികളായ (ഈ) ജനത്തോടൊപ്പം(ന്റെ കൂട്ടത്തിൽ)=مَعَ ٱلْقَوْمِ ٱلظَّٰلِمِينَ

എന്റെ സഹോദരന്നും=وَلِأَخِى എനിക്ക് പൊറുത്തുതരേണമേ=ٱغْفِرْ لِى എന്റെ നാഥാ=رَبِّ

നിന്റെ കാരുണ്യത്തിൽ=فِى رَحْمَتِكَ ഞങ്ങളെ നീ പ്രവേശിപ്പിക്കേണമേ(ഞങ്ങൾക്ക് ഇടം നൽകേണമേ)=وَأَدْخِلْنَا

കാരുണികരിൽ ഏറ്റം കാരുണികൻ (പരമകാരുണികൻ)= أَرْحَمُ ٱلرَّٰحِمِينَ നീയാണ്=وَأَنتَ

കാളക്കിടാവിനെ=ٱلْعِجْلَ എടുത്തവർ (ആരാധനാ മൂർത്തിയായി വരിച്ചവരെ)=إِنَّ ٱلَّذِينَ ٱتَّخَذُوا۟

അവരുടെ നാഥങ്കൽനിന്ന്=مِّن رَّبِّهِمْ കോപം=غَضَبٌ ശേഷം അവരെ പ്രാപിക്കും (ബാധിക്കുന്നതാകുന്നു)=سَيَنَالُهُمْ

ഇങ്ങനെ(യാണ്)=وَكَذَٰلِكَ ഐഹികജീവിതത്തിൽ=فِى ٱلْحَيَوٰةِ ٱلدُّنْيَا നിന്ദ്യതയും (ബാധിക്കും)=وَذِلَّةٌ

കള്ളം കെട്ടിച്ചമക്കുന്നവർക്ക്=ٱلْمُفْتَرِينَ നാം കർമഫലം നൽകുന്നു(ന്നത്)=نَجْزِى

അതിനു ശേഷം=مِنۢ بَعْدِهَا പിന്നെ പശ്ചാത്തപിച്ചു മടങ്ങുകയും=ثُمَّ تَابُوا۟ തിന്മകൾ പ്രവർത്തിച്ചവർ=وَٱلَّذِينَ عَمِلُوا۟ ٱلسَّيِّـَٔاتِ

തീർച്ചയായും നിന്റെ നാഥൻ=إِنَّ رَبَّكَ സത്യവിശ്വാസം കൈക്കൊള്ളുകയും ചെയ്തവർ (ഉണ്ടല്ലോ)=وَءَامَنُوٓا۟

കരുണാവാരിധി(യായ)=رَّحِيمٌ ഏറെപൊറുത്തു കൊടുക്കുന്നവനാകുന്നു=لَغَفُورٌ അതിനു ശേഷം=مِنۢ بَعْدِهَا

**150,151:** ജനങ്ങളെ സാമിരി വഴിതെറ്റിച്ച വിവരം സീനാ മലയിൽ വെച്ചുതന്നെ അല്ലാഹു മൂസാ(അ)യെ അറിയിച്ചിരുന്നുവെന്ന് സൂറഃ *ത്വാഹാ* 85-ാം സൂക്തത്തിൽ പറയുന്നുണ്ട്: قَالَ فَإِنَّا قَدْ فَتَنَّا قَوْمَكَ مِنۢ بَعْدِكَ وَأَضَلَّهُمُ ٱلسَّامِرِىُّ (അല്ലാഹു പറഞ്ഞു: എന്നാൽ നാം നിന്റെ പിറകിൽ നിന്റെ ജനത്തെ കുഴപ്പത്തിലാക്കിയിരിക്കുന്നു. സാമിരി അവരെ വഴിതെറ്റിച്ചു). അതുകേട്ട് വളരെ ദുഃഖിതനും കോപാകുലനുമായാണ് അദ്ദേഹം തിരിച്ചെത്തിയത്. غضب (കോപിക്കുക) എന്ന ക്രിയയുടെ കർതൃപദമായ غاضب-ന്റെ മറ്റൊരു രൂപമാണ് غضبان. വല്ലാതെ കോപിച്ചവൻ എന്നർഥം. اسف (ദുഃഖം) എന്നതിന്റെ കർതൃപദമായ آسف-ന്റെ കൂടുതൽ അർഥപുഷ്ടിയുള്ള രൂപമാണ് أسِف. *അസിഫിന്* കോപിഷ്ഠൻ എന്നും അർഥമുണ്ട്. ഖുർആൻ ആ അർഥത്തിലും ഈ പദം ഉപയോഗിച്ചിരിക്കുന്നു: فَلَمَّآ ءَاسَفُونَا ٱنتَقَمْنَا مِنْهُمْ (അവർ നമ്മെ കോപിപ്പിച്ചപ്പോൾ നാം പ്രതികാരം ചെയ്തു). ഇവിടെ ആ അർഥത്തിലെടുത്താൽ أسفا എന്ന വാക്കിലൂടെ മൂസാ നബിയുടെ കോപത്തെ ഊന്നിപ്പറയുകയാണ്. عَجل (ധൃതിപ്പെട്ടു, ബദ്ധപ്പെട്ടു)യുടെ മധ്യമപുരുഷ ബഹുവചനമാണ് عَجلتم. മറികടന്നു, കവച്ചുവെച്ചു എന്ന അർഥത്തിലും عجل ഉപയോഗിക്കും. രണ്ടർഥവും ഇവിടെ സാധുവാകുന്നു. ആദ്യത്തെ അർഥമനുസരിച്ച് നാഥന്റെ കൽപന, അഥവാ ശരീഅത്ത് വന്നെത്തുന്നത് കാത്തുനിൽക്കാതെ നിങ്ങൾ ധൃതിപ്പെട്ട് സ്വയം ശരീഅത്തുണ്ടാക്കിയോ എന്നാണാശയം. രണ്ടാമത്തെ അർഥമനുസരിച്ച്, നിങ്ങൾ കാളക്കിടാവിനെ ആരാധിച്ചുകൊണ്ട്, ഏകനായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്ന, നാഥന്റെ കൽപനയെ മറികടന്നുവോ എന്നും. أَمْرَ رَبِّكُمْ എന്നതുകൊണ്ട് വിവക്ഷ മരണമായിരിക്കാമെന്നും ചിലർക്ക് അഭിപ്രായമുണ്ട്. മൂസാ നബി സീനാ മലയിലേക്ക് പോയി കുറച്ചു നാൾ കഴിഞ്ഞപ്പോൾ സാമിരിയും കൂട്ടരും അദ്ദേഹം മരിച്ചുപോയതായി പ്രചരിപ്പിച്ചുവത്രെ. ഇനി മൂസായെ കാത്തിരിക്കേണ്ട, സാമിരി നമ്മെ നയിക്കും എന്നായിരുന്നു അവരുടെ നിലപാട്. ഞാൻ മരിച്ചുപോയെന്ന് നിങ്ങളങ്ങ് ബദ്ധപ്പെട്ട് തീരുമാനിച്ചുകളഞ്ഞോ എന്നാണ് أَعَجِلْتُمْ أَمْرَ رَبِّكُمْ എന്ന വാക്യത്തിലൂടെ മൂസാ(അ) ജനങ്ങളോട് ചോദിക്കുന്നത്. أَمْرَ رَبِّكُمْ എന്നതുകൊണ്ടുദ്ദേശ്യം അല്ലാഹുവിന്റെ ശിക്ഷയാണ് എന്നാണ് മറ്റൊരു വ്യാഖ്യാനം. നിങ്ങൾ കാളക്കിടാവിനെ ആരാധിച്ചുകൊണ്ട് ദൈവികശിക്ഷ വന്നെത്താൻ ധൃതികൂട്ടുകയായിരുന്നുവോ എന്നാണ് മൂസാ(അ) ചോദിക്കുന്നത്. സൂറഃ *ത്വാഹാ*യിലെ 86-ാം സൂക്തം ഈ വ്യാഖ്യാനത്തിനുപോദ്ബലകമായി ചൂണ്ടിക്കാണിക്കപ്പെടുന്നു:

قَالَ يَٰقَوْمِ أَلَمْ يَعِدْكُمْ رَبُّكُمْ وَعْدًا حَسَنًا ۚ أَفَطَالَ عَلَيْكُمُ ٱلْعَهْدُ
أَمْ أَرَدتُّمْ أَن يَحِلَّ عَلَيْكُمْ غَضَبٌ مِّن رَّبِّكُمْ فَأَخْلَفْتُم مَّوْعِدِى

(എന്റെ ജനമേ, നിങ്ങളുടെ വിധാതാവ് നിങ്ങൾക്ക് നല്ല വാഗ്ദാനം നൽകിയിരുന്നില്ലേ? നിങ്ങളുടെ കാലം നീണ്ടുപോയോ? അതോ നിങ്ങളുടെ നാഥന്റെ കോപം നിങ്ങളുടെ മേൽ ഇറങ്ങാനാഗ്രഹിച്ചുകൊണ്ട് എന്നോടുള്ള കരാറ് ലംഘിക്കുകയായിരുന്നുവോ?). ഇസ്രാഈല്യരുടെ ഗോപൂജയെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചതായി ബൈബിൾ പറയുന്നു: "ഞാൻ ഈ ജനത്തെ കണ്ടു. ഇതാ ഇവർ മർക്കടമുഷ്ടിക്കാരാകുന്നു. അതുകൊണ്ട് എന്നെ തടയരുത്. എന്റെ ക്രോധം കത്തിജ്ജ്വലിച്ച് അവരെ ദഹിപ്പിക്കട്ടെ" (പുറപ്പാട് 9:10)

കോപാകുലനായ മൂസാ(അ) ഫലകങ്ങൾ എറിഞ്ഞു എന്നു മാത്രമേ ഖുർആൻ പറയുന്നുള്ളൂ. ഈ ഏറിൽ അവ ഉടഞ്ഞുപോയെന്ന് ബൈബിൾ പറയുന്നുണ്ട്. നിലത്തെറിഞ്ഞപ്പോൾ ഫലകങ്ങൾ ഉടയുകയും അതിന്റെ ഏഴിലൊന്നൊഴിച്ചുള്ള ഭാഗങ്ങൾ ഉയർത്തപ്പെടുകയും ചെയ്തതായി ഇബ്നു അബ്ബാസിൽനിന്ന് ഒരു നിവേദനമുണ്ട്. നിലത്തെറിഞ്ഞപ്പോൾ ഫലകങ്ങളിലെ വിശദീകരണങ്ങൾ -تفصيل- നഷ്ടപ്പെട്ടുവെന്നും ഉപദേശങ്ങൾ -موعظة- അവശേഷിച്ചുവെന്നുമാണ് വേറൊരു നിവേദനം. എല്ലാം അടിസ്ഥാനരഹിതങ്ങളാണ്. മൂസാ(അ) കോപം തണുത്തപ്പോൾ ഫലകങ്ങൾ കൈയിലെടുത്തുവെന്നും അതിന്റെ പകർപ്പിൽ ദൈവഭയമുള്ളവർക്ക് സന്മാർഗദർശനവും കാരുണ്യവുമുണ്ട് എന്നും അടുത്ത 154-ാം സൂക്തത്തിൽ പ്രസ്താവിക്കുന്നുണ്ട്.

വേദഫലകങ്ങൾ നിലത്തെറിഞ്ഞത് അവയോടു കാട്ടിയ അനാദരവല്ലേ, ഒരു പ്രവാചകനിൽനിന്ന് അങ്ങനെ സംഭവിക്കാമോ എന്ന് ഒരു ചോദ്യം ചിലർ ഉന്നയിക്കാറുണ്ട്. അതീവ ദുഃഖാകുലനും ക്ഷുഭിതനുമായിരുന്ന സാഹചര്യത്തിലാണ്

മൂസാ(അ) അങ്ങനെ ചെയ്തത്. കോപാവേശത്തിൽ മനുഷ്യന്റെ സമചിത്തത നഷ്ടപ്പെടുന്നു. അത്തരം സന്ദർഭങ്ങളിലെ ചേഷ്ടകൾക്ക് സാധാരണ അവസ്ഥകളിൽ ചെയ്യുന്ന പ്രവൃത്തികളുടെ അർഥങ്ങൾ കൽപിക്കുന്നത് ശരിയല്ല. കോപാവേശം കൂടിയ ആളായിരുന്നു മൂസാ(അ). അങ്ങനെയാണല്ലോ അദ്ദേഹം ഒരു ഖിബ്തിയെ കൊല്ലാനിടയായത്. സഹോദരന്റെ തലമുടി പിടിച്ചു വലിക്കാൻ വേണ്ടിയാണ് ഫലകങ്ങൾ താഴെയിട്ടതെന്ന്, ചിലർ ന്യായീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ജ്യേഷ്ഠന്റെ തലമുടി പിടിച്ചുവലിച്ചതും കോപാവേശത്താലുണ്ടായ ചേഷ്ടയാണെന്നതാകുന്നു വാസ്തവം. മൂസാ(അ) ഹാറൂന്റെ തലമുടി പിടിച്ചുവലിച്ചിഴച്ചത്, വിഗ്രഹമുണ്ടാക്കിയതും അതിനെ ആരാധിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചതും അദ്ദേഹമാണ് എന്ന് ധരിച്ചായിരിക്കാനിടയില്ല. ജനത്തെ വഴിതെറ്റിച്ചത് സാമിരിയാണെന്ന്, സീനായിൽനിന്ന് പോരും മുമ്പു തന്നെ അല്ലാഹു അദ്ദേഹത്തെ അറിയിച്ചിരുന്നുവല്ലോ. സൂറഃ *ത്വാഹാ* 92,93 സൂക്തങ്ങളിൽനിന്ന് ഇക്കാര്യം വ്യക്തമാകുന്നുണ്ട്:

قَالَ يَـٰهَـٰرُونُ مَا مَنَعَكَ إِذْ رَأَيْتَهُمْ ضَلُّوٓا۟ ﴿٩٢﴾ أَلَّا تَتَّبِعَنِ ۖ أَفَعَصَيْتَ أَمْرِى ﴿٩٣﴾

(മൂസാ ചോദിച്ചു: ഹേ ഹാറൂൻ, ജനം വഴിതെറ്റിയത് കണ്ടപ്പോൾ എന്നെ പിന്തുടരുന്നതിൽനിന്ന് നിന്നെ തടഞ്ഞതെന്ത്? നീ എന്റെ കൽപന ധിക്കരിക്കുകയായിരുന്നുവോ?). അതിന് ഹാറൂൻ നൽകുന്ന മറുപടി ഇങ്ങനെയാണ്: إِنِّى خَشِيتُ أَن تَقُولَ فَرَّقْتَ بَيْنَ بَنِىٓ إِسْرَٰٓءِيلَ وَلَمْ تَرْقُبْ قَوْلِى (ഞാൻ ഇസ്രാഈൽ സമുദായത്തെ ഭിന്നിപ്പിച്ചുവെന്നും, നിന്റെ തീരുമാനം കാത്തില്ല എന്നും നീ എന്നെ കുറ്റപ്പെടുത്തുമെന്ന് ഞാൻ ഭയപ്പെട്ടു- *ത്വാഹാ* 94). ജനം എന്നെ ഒതുക്കിക്കളഞ്ഞുവെന്നും കൊല്ലാൻ വരെ ഒരുമ്പെട്ടുവെന്നുമാണ് ഇവിടെ പറയുന്നത്. വിഗ്രഹാരാധനയെ ഹാറൂൻ രൂക്ഷമായി എതിർത്തുവെന്നും, ഗോപൂജയിലാണ്ടുപോയ ജനം അദ്ദേഹത്തിനെതിരെ അക്രമാസക്തരാവുകയായിരുന്നുവെന്നുമാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. പിന്നെ രണ്ടു മാർഗമാണ് അദ്ദേഹത്തിനു മുന്നിലുണ്ടായിരുന്നത്: ഒന്നുകിൽ താനും തന്നെ അനുസരിക്കുന്നവരും, മൂസായുടെ കൽപനകൾ പാലിക്കുന്നതിനു വേണ്ടി ആ പിഴച്ച സമൂഹത്തിൽനിന്ന് പിരിഞ്ഞുപോരുക. അല്ലെങ്കിൽ അവരുടെ മാർഗഭ്രംശത്തിനു നേരെ നിഷ്ക്രിയരായി അവർക്കിടയിൽ തന്നെ വസിക്കുക. ഹാറൂൻ തെരഞ്ഞെടുത്തത് രണ്ടാമത്തെ മാർഗമാണ്. ഇതദ്ദേഹത്തിന്റെ ഇജ്തിഹാദ്- പ്രമാണങ്ങളെയും ന്യായങ്ങളെയും ആധാരമാക്കി ചിന്തിച്ച് എത്തിച്ചേർന്ന തീരുമാനം- ആയിരുന്നു. ഈ ഇജ്തിഹാദ് ശരിയോ തെറ്റോ എന്ന് ഇവിടെ വ്യക്തമായി പറയുന്നില്ല. എങ്കിലും സഹോദരന് പൊറുത്തുകൊടുക്കേണമേ എന്ന മൂസാ(അ)യുടെ പ്രാർഥന സൂചിപ്പിക്കുന്നത് ഹാറൂന്റെ ഇജ്തിഹാദ് ശരിയായിരുന്നില്ല എന്നാണ്. എന്നാൽ ഹാറൂൻ(അ) ഇജ്തിഹാദ് ചെയ്തതിനെയോ സമൂഹത്തിന്റെ ഐക്യത്തിന് പ്രാധാന്യം കൽപിച്ചതിനെയോ ഖുർആൻ വിമർശിക്കുന്നില്ല എന്നത് ശ്രദ്ധേയമാകുന്നു.

അന്യർക്ക് ആപത്തണയുന്നതിൽ സന്തോഷിക്കുകയാണ് شماتة. വിരോധവും അസൂയയും മൂലമാണ് അതുണ്ടാകുന്നത്. به شَمِتَ എന്നാൽ അയാൾക്ക് ദോഷം പറ്റിയതിൽ സന്തോഷിച്ചു. شَمِتَ-യുടെ സകർമക രൂപമാണ് تشمت. വിഗ്രഹാരാധനയെ എതിർത്തതിന്റെ പേരിൽ ഹാറൂനോട് വിരോധം പുലർത്തുന്ന ആളുകളെയാണ് ഇവിടെ വിരോധികൾ - ٱلْأَعْدَآءَ - കൊണ്ടുദ്ദേശിക്കുന്നത്. എന്നെ ശിക്ഷിക്കുന്നതിലൂടെ നമ്മുടെ ശത്രുക്കൾക്ക് സന്തോഷിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കരുത് എന്നും എന്നെ വിഗ്രഹാരാധകരുടെ കൂട്ടത്തിൽ പെട്ടവനായി കണക്കാക്കരുതെന്നും മൂസാ നബിയെ ഉണർത്തുകയാണ് ഹാറൂൻ(അ).

സഹോദരന്റെ അപേക്ഷ മൂസാ നബി(അ) സ്വീകരിച്ചുവെന്നാണ് തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രാർഥന സൂചിപ്പിക്കുന്നത്. തന്നോട് പൊറുക്കണമെന്ന പ്രാർഥനയുടെ താൽപര്യം, കോപാവേശത്താൽ തന്നിൽനിന്നുണ്ടായ മര്യാദകേടുകൾ പൊറുക്കണമെന്നും തന്റെ സഹോദരനോട് പൊറുക്കണമെന്നതിന്റെ താൽപര്യം സമുദായത്തെ ഗോപൂജയിൽനിന്ന് തടയുന്നതിൽ അദ്ദേഹത്തിന് സംഭവിച്ച വീഴ്ചകൾ പൊറുക്കണമെന്നുമാകുന്നു.

ഇസ്രാഈല്യർക്ക് ആരാധനാമൂർത്തിയായി കാളക്കുട്ടനെ വാർത്തുകൊടുത്തത് ഹാറൂൻ(അ) ആയിരുന്നുവെന്നാണ് ബൈബിൾ പറയുന്നത്: "എന്നാൽ മോശ പർവതത്തിൽനിന്ന് ഇറങ്ങിവരുവാൻ താമസിക്കുന്നു എന്ന് ജനം കണ്ടപ്പോൾ ജനം അഹ്റോന്റെ അടുക്കൽ വന്നുകൂടി അവനോട്: നീ എഴുന്നേറ്റ് ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന് ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക എന്നു പറഞ്ഞു. അഹ്റോൻ അവരോട്: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്ക പറിച്ച് എന്റെ അടുക്കൽ കൊണ്ടുവരുവീൻ എന്നു പറഞ്ഞു. ജനം ഒക്കെയും തങ്ങളുടെ കാതിൽനിന്ന് പൊൻകുണുക്ക പറിച്ച് അഹ്റോന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അവരുടെ പക്കൽനിന്ന് വാങ്ങി ഒരു കൊത്തുളികൊണ്ട് ഭാഷപ്പെടുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: ഇസ്രായേലേ, ഇതു നിന്നെ മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു. അഹ്റോൻ അതു കണ്ടാറെ അതിനു മുമ്പാകെ ഒരു യാഗപീഠം പണിതു. നാളെ യഹോവക്ക് ഒരു ഉത്സവം എന്നു വിളിച്ചുപറഞ്ഞു. പിറ്റന്നാൾ അവർ അതികാലത്ത് എഴുന്നേറ്റ് ഹോമയാഗങ്ങൾ കഴിച്ചു. സമാധാനയാഗങ്ങളും കഴിപ്പിച്ചു" (പുറപ്പാട് 32:1-6).

ബൈബിളിന്റെ ഈ പ്രസ്താവനയെ അസന്ദിഗ്ധമായി നിഷേധിച്ചിരിക്കുകയാണ് ഖുർആൻ. സൂറഃ *ത്വാഹാ* 85-ാം സൂക്തത്തിൽ وَأَضَلَّهُمُ ٱلسَّامِرِىُّ (സാമിരി അവരെ വഴിപിഴപ്പിച്ചു) എന്നു പറഞ്ഞുകൊണ്ട് കുറ്റം സാമിരിയുടെ മേൽ ചുമത്തുകയും ചെയ്തിരിക്കുന്നു. തുടർന്ന് 88-ാം സൂക്തത്തിൽ സാമിരിയാണ് കാളക്കുട്ടനെ വാർത്തെടുത്തതെന്നും പ്രസ്താവിക്കുന്നുണ്ട്. മൂസാ(അ) സാമിരിയെ ചോദ്യം ചെയ്തപ്പോൾ, താനല്ല അഹ്റോനാണ് കാളക്കിടാവിനെ വാർത്തതെന്ന് സാമിരി പറയുന്നില്ല. മറിച്ച്, അങ്ങനെ ചെയ്യാൻ എനിക്കു തോന്നി- وَكَذَٰلِكَ سَوَّلَتْ لِى نَفْسِى - എന്നായിരുന്നു അയാളുടെ മറുപടി. അതിന്റെ പേരിൽ മൂസാ(അ) അയാളെ ശപിച്ചതായി 97-ാം സൂക്തത്തിലും പറയുന്നു.

ബൈബിൾ പല പ്രവാചകവര്യന്മാരിലും ഗുരുതരമായ കുറ്റങ്ങൾ ആരോപിക്കുകയും അവഹേളിക്കുകയും ചെയ്യുന്നുണ്ട്. ഖുർആൻ പ്രവാചകന്മാരെയെല്ലാം അത്തരം കുറ്റാരോപണങ്ങളിൽനിന്നും നിന്ദകളിൽനിന്നും മുക്തരാക്കുകയും അവരുടെ പരിശുദ്ധി ഊന്നിപ്പറയുകയും ചെയ്യുന്നു. ബൈബിളും ഖുർആനും തമ്മിലുള്ള വ്യത്യാസത്തിന്റെ മികച്ച ഉദാഹരണമായി ഇസ്രാഈല്യരുടെ ഗോപൂജാസംഭവത്തെ ഇസ്‌ലാമിക പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഏകദൈവത്വം പ്രബോധനം ചെയ്യാനും വിഗ്രഹാരാധന തുടച്ചുനീക്കാനും ദൈവത്താൽ നിയുക്തനായ ഒരു പ്രവാചകൻ തന്റെ ജനതക്ക് ആരാധിക്കാൻ കാളക്കിടാവിന്റെ വിഗ്രഹം വാർത്തുകൊടുത്തു എന്നതിനേക്കാൾ ഗുരുതരമായി ആ പ്രവാചകന്റെ പേരിൽ ആരോപിക്കാവുന്ന കുറ്റം ഏതാണുള്ളത്!

ബൈബിളിന് നൽകുന്ന ഇത്തരം തിരുത്തുകൾ ഖുർആന്റെ അലൗകികതക്കും ദൈവികതക്കുമുള്ള ദൃഷ്ടാന്തമായും കാണാവുന്നതാണ്. ആയിരത്താണ്ടുകൾക്കു മുമ്പ്

നടന്ന സംഭവങ്ങളെ സംബന്ധിച്ച് വാമൊഴിയായും വരമൊഴിയായും പ്രചരിച്ച വിവരണങ്ങളെ തിരുത്താനും സത്യസ്ഥിതി വ്യക്തമാക്കാനും, സർവജ്ഞനായ അല്ലാഹുവിന്റെ സവിശേഷ ബോധനമില്ലാതെ, നിരക്ഷരനായ ഒരാൾക്ക് ഒരിക്കലും സാധിക്കുകയില്ല. ഖുർആൻ ബൈബിളിൽനിന്ന് പകർത്തിയതാണ് എന്ന് ചില പാശ്ചാത്യർ ഉന്നയിക്കുന്ന വിമർശനത്തിന്റെ അർഥശൂന്യതയും വെളിപ്പെടുത്തുന്നുണ്ട്, ഇത്തരം സൂക്തങ്ങൾ.

**152,153:** ഈ രണ്ട് സൂക്തങ്ങൾ മുൻ സൂക്തങ്ങളിൽ ഉദ്ധരിച്ച, മൂസാ നബിയുടെ ഭാഷണത്തിന്റെ ഭാഗമാകാം. മൂസാ നബിയെ ഉദ്ധരിച്ചതിനനുബന്ധമായി അല്ലാഹു നേരിട്ട് പറയുന്നതുമാകാം. إِنَّ ٱلَّذِينَ മുതൽ فِى ٱلْحَيَوٰةِ ٱلدُّنْيَا വരെ മൂസാ നബിയെ ഉദ്ധരിക്കുകയാണെന്നും തുടർന്നുള്ള വാക്യങ്ങൾ അല്ലാഹു നേരിട്ട് പറയുന്നതാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. وَكَذَٰلِكَ എന്നതിലെ 'وَ' അതിന്റെ സൂചകമായി അവർ കരുതുന്നു. മറ്റു ചിലരുടെ വീക്ഷണത്തിൽ 153-ാം സൂക്തം മാത്രമാണ് അല്ലാഹു നേരിട്ട് പറയുന്നത്.

അല്ലാഹുവിന്റെ കോപം ബാധിക്കുക എന്നാൽ അവന്റെ ശിക്ഷക്കിരയാവുകയാണ്. കാളക്കിടാവിനെ ആരാധനാമൂർത്തിയായി വരിച്ചവർ പരലോകത്ത് കഠിനമായി ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും എന്ന് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ് മൂസാ(അ). പരലോകത്ത് മാത്രമല്ല ഇഹലോകത്തും ശിക്ഷയനുഭവിക്കേണ്ടിവരും. നിന്ദ്യതയാണ് ഇഹലോകത്തെ ശിക്ഷ. ذلة-നെ യാണ് നിന്ദ്യത എന്ന് തർജമ ചെയ്തിട്ടുള്ളത്. അവശതയും അപകർഷബോധവുമാണ് ذلة-ന്റെ ആശയം. ഭീരുത്വം, അൽപത്തം, അക്രമവും അപമാനവും തടയുന്നതിലുള്ള നിസ്സഹായത, മറ്റുള്ളവരാൽ കീഴടക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുക, രാജ്യഭ്രഷ്ടരായിത്തീരുക എന്നിങ്ങനെ പല കാരണങ്ങളാൽ മനുഷ്യൻ ذلة-ൽ അകപ്പെടാം. തൗബ കൊണ്ട് മാത്രം മാപ്പാക്കപ്പെടാത്തതാണ് ഭൗതികശിക്ഷ. പരലോകത്തെ രക്ഷാശിക്ഷകൾ ശരീഅത്ത് അനുസരിക്കുകയോ ധിക്കരിക്കുകയോ ചെയ്തതിന്റെ (تكليف) പേരിലാണ്. ഭൗതികമായ കാര്യകാരണ വ്യവസ്ഥയുമായി അതിനു ബന്ധമില്ല. ഇഹലോകത്തെ കർമഫലം കാര്യകാരണവ്യവസ്ഥക്ക് വിധേയമാണ്. ഓരോ കാരണത്തിനു നിശ്ചയിക്കപ്പെട്ട കാര്യമുണ്ടാകും. വിഷം കഴിച്ചവൻ അതിൽ തൗബ ചെയ്തതുകൊണ്ട് മരിക്കാതിരിക്കുകയില്ല. എങ്കിലും കാര്യകാരണവ്യവസ്ഥയുടെ സംവിധായകനായ അല്ലാഹുവിന് ആ വ്യവസ്ഥയിൽ മാറ്റം വരുത്താൻ അധികാരമുണ്ട്. അവന്റെ അനുഗ്രഹത്താൽ, ചിലപ്പോൾ നാശകാരണം ചെയ്തവർ നാശം എന്ന കാര്യത്തിലെത്താതെ രക്ഷപ്പെടാം. എന്നാൽ അത് സാധാരണമല്ല. ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും തെറ്റാണെന്ന് പഠിപ്പിക്കപ്പെട്ട ശേഷവും ആ അനാചാരത്തിൽ ഉറച്ചുനിൽക്കുന്നത് ഭൗതികജീവിതത്തിൽ നിന്ദ്യരായിത്തീരുന്നതിനുള്ള കാരണമാണ്. അങ്ങനെയാണ് കള്ളങ്ങൾ കെട്ടിച്ചമച്ച് ആചരിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നത്. മനഃപൂർവം തെറ്റായ ആദർശങ്ങളും ആചാരങ്ങളും കെട്ടിച്ചമച്ച് പിന്തുടരുകയാണ് افتراء. അതിന്റെ കർതൃപദമാണ് مفترين. ശിർക്കിന്റെയും വിഗ്രഹാരാധനയുടെയും പര്യായമായും ഖുർആൻ افتراء ഉപയോഗിക്കാറുണ്ട്. അതനുസരിച്ച് ബഹുദൈവാരാധകർക്ക് പ്രതിഫലം നൽകുന്നതിങ്ങനെയാണ് എന്നും അർഥമാകാം.

അല്ലാഹുവിനെ വെടിഞ്ഞ് വിഗ്രഹങ്ങളെ ആരാധിക്കുക എന്ന മഹാപരാധം ചെയ്തവരും പിന്നീടതിൽ പശ്ചാത്തപിക്കുകയും സത്യവിശ്വാസം കൈക്കൊണ്ട് ജീവിക്കുകയും ചെയ്താൽ അല്ലാഹു അവരുടെ പാപം പൊറുത്തുകൊടുക്കുകയും അവരിൽ തന്റെ കാരുണ്യം ചൊരിയുകയും ചെയ്യുന്നതാണ്. അവസാന വചനത്തിൽ 'ശേഷം' എന്നർഥമുള്ള പദങ്ങൾ മൂന്നു വട്ടം ആവർത്തിച്ചിരിക്കുന്നു. ഒരു ثُمَّ-യും രണ്ട് مِنۢ بَعْدِهَا-യും. തിന്മകൾ ധാരാളം ചെയ്തുകൊണ്ട് വളരെ കാലം കഴിഞ്ഞ ശേഷം പശ്ചാത്തപിച്ചാലും സ്വീകരിക്കും എന്നാണ് ആദ്യത്തെ ثُمَّ-യുടെ സൂചന. ഈ സൂചനയെ ഊന്നിയുറപ്പിക്കുകയാണ് പിന്നീടുള്ള مِنۢ بَعْدِهَا-കൾ. അതിന്റെ പൂർണ രൂപം من بعد عملو السيأت (അവർ തിന്മകൾ ചെയ്തു കഴിഞ്ഞ ശേഷം) എന്നാണ്.

ഈ വചനം മൂസാ നബിയെ ഉദ്ധരിക്കുന്നതാണെങ്കിൽ, കാളക്കിടാവിനെ ആരാധിച്ചവർക്കുള്ള ഒരു സാന്ത്വനമാണത്. ചെയ്തുപോയത് മാപ്പർഹിക്കാത്ത കുറ്റമാണെങ്കിലും നിരാശപ്പെടേണ്ട, ഇനി അതിൽനിന്നൊക്കെ പിന്തിരിഞ്ഞ് പശ്ചാത്തപിക്കുകയും ഏകദൈവവിശ്വാസത്തിലും അവനോടുള്ള കൂറിലും അടിയുറച്ചുനിൽക്കുകയും ചെയ്യുക. എങ്കിൽ അല്ലാഹുവിനെ ഏറ്റം പൊറുക്കുന്നവനും കരുണാമയനുമായി നിങ്ങൾക്ക് കാണാൻ കഴിയും. വചനം അല്ലാഹു നേരിട്ടരുളുന്നതാണെങ്കിൽ സംബോധിതർ ഖുറൈശികളും മറ്റു വിഗ്രഹാരാധകരുമാകുന്നു. അവരെ ഏകദൈവവിശ്വാസം സ്വീകരിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് പറയുകയാണ്: ദീർഘകാലമായി ബഹുദൈവാരാധന എന്ന മഹാപരാധം ചെയ്തുവരുന്നതിനാൽ ഇനി രക്ഷയില്ല എന്നു നിരാശപ്പെടേണ്ട. അതൊക്കെ വളരെക്കാലം തുടർന്നവരാണെങ്കിലും ഇനി നിങ്ങൾക്ക് സത്യത്തിലേക്ക് മടങ്ങാം. ബഹുദൈവങ്ങളെ വർജിച്ച് ഏകദൈവത്തിൽ വിശ്വസിക്കുകയും അവൻ അനുശാസിച്ച ധർമങ്ങളനുസരിക്കുകയും ചെയ്യാം. അങ്ങനെ ചെയ്യുന്ന പക്ഷം നിങ്ങളുടെ കഴിഞ്ഞുപോയ മഹാ പാപങ്ങളൊക്കെയും അവൻ മായ്ച്ചുകളയുന്നതാണ്. തന്റെ ദാസന്മാരോട് അപാരമായ കാരുണ്യമുള്ളവനാണവൻ. ■